**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1413** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഇന്റർനെറ്റ് കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ഏതു സ്ഥാപനത്തിന്റെ ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിക്കാനാണ് നിഷ്കർഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 16,009 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി ബി.എസ്.എൻ.എൽ. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷനാണ് സ്കൂളുകൾക്ക് നൽകിയിരുന്നത്. എന്നാൽ 2023 ജൂൺ മുതൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷനാണ് സ്കൂളുകൾക്ക് നൽകുന്നത്. |
| (ബി) | സ്കൂളുകളിലെ ഇന്റർനെറ്റ് കണക്ഷൻ കെ-ഫോണിലേക്ക് മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നോ; | (ബി) | സ്കൂളുകളിൽ ഇന്റർനെറ്റിനായി കെ-ഫോൺ കണക്ഷനിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | കെ-ഫോൺ കണക്ഷൻ കാര്യക്ഷമമല്ലാത്തതു കാരണം നിരവധി സ്കൂളുകൾ ബി.എസ്.എൻ.എൽ. കണക്ഷനിലേക്ക് മാറി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ